IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. കേരള പാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധികാര്യങ്ങൾ താരതമ്യം ചെയ്യുക.

33. മലയാളത്തിലെ കാലസങ്കല്പത്തെക്കുറിച്ചും കാലപ്രത്യയങ്ങളെക്കുറിച്ചും വിശദീകരിക്കുക.

34. മലയാളത്തിലെ പദവിഭാഗങ്ങളേതെല്ലാം?

35. വിനയെച്ചം എന്നാലെന്ത്? അവാന്തരവിഭാഗങ്ങൾ ഏതെല്ലാം?

(2 × 15 = 30 Marks)

St. Xavier's College

(Pages : 4) **T – 1848**

Reg. No. : ....

Name : ....

Sixth Semester B.A. Degree Examination, April 2024

Career Related First Degree Programme under CBCSS

Malayalam and Mass Communication

Core Course

MX 1643 : മലയാളവ്യാകരണം

(2021 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കേരളപാണിനീയഭാഷ്യം രചിച്ചതാര്?

2. കേരളപാണിനി എന്നറിയപ്പെടുന്നതാര്?

3. ഏതെങ്കിലും ഒരു സംസ്കൃതസന്ധിയുടെ പേരെഴുതുക.

4. കൃത്ത് എന്നാലെന്ത്?

5. അലിംഗബഹുവചനം എന്നാലെന്ത്?

6. ക്രിയയുടെ നിർവ്വചനം എഴുതുക.

7. കർമ്മകാരകമായ വിഭക്തിയുടെ പേരെഴുതുക.

8. ഹെർമ്മൻ ഗുണ്ടർട്ട് രചിച്ച വ്യാകരണഗ്രന്ഥത്തിന്റെ പേരെന്ത്?

9. മലയാഴ്മയുടെ വ്യാകരണം ആരുടെ കൃതിയാണ്?

10. പദം എന്നാലെന്ത്?

(10 × 1 = 10 Marks)

II. **അമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. വർണ്ണം, അക്ഷരം, ലിപി ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

12. ചില്ലുകൾ എന്നാലെന്ത്?

13. സന്ധി എന്നാലെന്ത്?

14. സമാനാക്ഷരം, സന്ധ്യക്ഷരം ഇവയെന്തെന്ന് വ്യക്തമാക്കുക.

15. വിശിഷ്ടക്രിയ എന്നാലെന്ത്?

16. തദ്ധിതം എന്നാലെന്ത്?

17. മിശ്രവിഭക്തി എന്നാലെന്ത്?

18. പേരെച്ചം, വിനയെച്ചം ഇവ എന്തെന്ന് വ്യക്തമാക്കുക.

19. ആകാംക്ഷ എന്നാലെന്താണ്?

20. സർവ്വനാമം എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.

21. എന്താണ് വിഭക്ത്യാഭാസം?

22. ലോപശ്ച - വിശദീകരിക്കുക.

(8 × 2 = 16 Marks)

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. വർണ്ണങ്ങൾക്ക് ശ്രുതിഭേദം വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?

24. സംവൃതോകാരത്തിന്റെ പ്രാധാന്യമെന്ത്?

25. വർണ്ണവികാരം എന്നാലെന്ത്? പ്രധാനപ്പെട്ട വർണ്ണവികാരങ്ങൾ വിശദീകരിക്കുക.

26. ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ ഏതെല്ലാം?

27. കാരകങ്ങൾ - കുറിപ്പെഴുതുക.

28. വചനം എന്നാലെന്ത്? മലയാളത്തിലെ വചനപ്രകരണത്തെക്കുറിച്ച് വിശദമാക്കുക.

29. വാക്യവിഭാഗങ്ങൾ ഏതെല്ലാം?

30. മലയാളത്തിലെ സമാസങ്ങൾ ഏവ? വിവരണം തയ്യാറാക്കുക.

31. പ്രകാരം കുറിപ്പെഴുതുക.

(6 × 4 = 24 Marks)

St. Xavier's College